**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **11-10-2024 - ൽ മറുപടിയ്ക്ക്**

**ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യുവാക്കൾക്കിടയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കാനും നൈപുണ്യപരിശീലനം നൽകാനും ഉതകുന്ന രീതിയിൽ ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | യുവാക്കൾക്കിടയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കാനും നൈപുണ്യ പരിശീലനം നൽകാനും ഉതകുന്ന രീതിയിൽ ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതു വഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ആയതിന്റെ പദ്ധതി മാർഗ്ഗരേഖ വ്യവസായ വകുപ്പ് സ.ഉ(കൈ) നമ്പർ.16/2024/ID തീയതി 29/02/2024 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രാദേശിക സംരംഭകത്വവികസനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത പാർക്കുകൾ സഹായകമാണോ; വിശദമാക്കാമോ; | (ബി) | പ്രാദേശിക സംരംഭകത്വവികസനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത പാർക്കുകൾ സഹായകമാണ്.<br><br>ഉല്പാദന വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാർത്ഥി സമൂഹത്തിൽ സംരംഭകത്വം വളർത്തുവാനും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന നൂതന ഉൽപ്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം, വേഗത്തിൽ ആരംഭിക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിനും കൂടി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| | | | വ്യവസായ പാർക്ക് ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പാഠ്യവിഷയങ്ങൾക്ക് ഗുണകരമാകുന്ന സംരംഭങ്ങൾ ആരംഭിക്കുവാൻ മേൽ പദ്ധതിയിലൂടെ സാധിക്കുന്നതാണ്. |
| (സി) | പോളിടെക്നിക് കോളേജുകളിൽ പഠനത്തോടൊപ്പം വരുമാനമാർഗ്ഗം കണ്ടെത്താനായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ പോളിടെക്നിക് കോളേജുകളിൽ IOC (ഇന്റസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. 'Earn while you learn' എന്ന ആശയം ഉൾകൊണ്ടുകൊണ്ട് യഥാർത്ഥ വ്യാവസായിക അന്തരീക്ഷത്തിലേക്ക് സ്ഥാപനത്തെ പരിവർത്തനം ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളിൽ പ്രായോഗിക പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകത്വ വികസന കഴിവുകൾ വളർത്തിയെടുക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇൻറർനെറ്റ് കണക്റ്റിവിറ്റിയോടുകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ടി സെന്ററുകളിൽ സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകളും പ്രവർത്തിച്ചു വരികയാണ്. പഠനത്തോടൊപ്പം തന്നെ വിദ്യാർത്ഥികൾക്ക് വരുമാനം ലഭിക്കുന്നതിനും ഇത് അവസരമൊരുക്കുന്നു. എല്ലാ ക്യാമ്പസ്സുകളിലും Connect Career to Campus പദ്ധതിയുടെ ഭാഗമായി IEDC കൾ (Innovation & Entrepreneurship Development Centres) രൂപീകരിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ